©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2019 ഫെബ്രുവരി 5<br>5th February 2019<br>1194 മകരം 22<br>22nd Makaram 1194<br>1940 മാഘം 16<br>16th Magha 1940 | നമ്പർ<br>No. | 6 |

## PART III

### Notifications by Heads of Departments

## Commissionerate of Land Revenue

പരേതന്റെ മാതാപിതാക്കൾ മുമ്പിനാലെ മരണപ്പെട്ടിട്ടുള്ളതും പരേതന് അവിവാഹിതരോ വികലാംഗരോ ആയ സഹോദരങ്ങൾ ഇല്ലാത്തതുമാണ്. പരേതന്റെ ഉടമസ്ഥതയിലുള്ള KL-03-S-8534 എന്ന വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി ബജാജ് അലയൻസ് കമ്പനിയിൽ നിന്നും ലഭിക്കുവാനുള്ള ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനും, KL-03-P-676 ഹോണ്ട ആക്ടീവ സ്കൂട്ടർ വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിനും, മറ്റ് ആവശ്യങ്ങൾക്കുമായാണ് അനന്തരാവകാശ സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുള്ളത്. ടി ആവശ്യങ്ങളിലേക്ക് ഒന്നാം അവകാശിയും പരേതന്റെ ഭാര്യയുമായ ലീലാമ്മ പേർക്ക് അവകാശമൊഴിഞ്ഞ് രണ്ടും, മൂന്നും കക്ഷികളും പരേതന്റെ മക്കളുമായ ഡയസ് ഇടിക്കുള, ഡിംബിൾ എന്നിവർ മൊഴി നൽകിയിട്ടുണ്ട്. ആകയാൽ പരേതന്റെ ടി ആവശ്യങ്ങളിലേക്കുള്ള അവകാശി ഒന്നാം അവകാശി ലീലാമ്മയാണെന്ന് കാണിച്ച് ഒരു അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം റാന്നി തഹശീൽദാർ മുമ്പാകെ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. സമയപരിധിക്കുശേഷമോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(3)

നമ്പർ എ3-11749/2018. 2018 ഡിസംബർ 4.

പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽ വെൺകുറിഞ്ഞി എന്ന സ്ഥലത്ത് നെടുംതോട്ടത്തിൽ വീട്ടിൽ റോണി ബേസിൽ എന്നയാൾ അനന്തരാവകാശ സാക്ഷ്യപത്രം ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിൻമേൽ കൊല്ലമുള വില്ലേജാഫീസർ മുഖാന്തിരം അന്വേഷണവും അവകാശ വിചാരണയും നടത്തിയതിൽ അപേക്ഷകന്റെ പിതാവ് ബെസിൽ എൻ. വർഗ്ഗീസ് 20-8-2014-ൽ മരിച്ചുപോയിട്ടുള്ളതാണ്. പരേതന്റെ അനന്തരാവകാശികളായി താഴെ പറയുന്നവർ മാത്രമാണുള്ളതെന്നും അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ആനിയമ്മ ബേസിൽ | ഭാര്യ | 65 |
| 2 | റോണി ബേസിൽ | മകൻ | 35 |
| 3 | റീനാ ബേസിൽ | മകൾ | 32 |

പരേതന്റെ പേരിലുള്ള KL-62-316 രജിസ്ട്രേഷൻ നമ്പർ 2011 മോഡൽ മാരുതി റിറ്റ്സ് കാറിന്റെ ഉടമസ്ഥാവകാശം ഒന്നാം കക്ഷി ആനിയമ്മ ബേസിൽ പേർക്ക് മാറ്റുന്നതിനും, മറ്റ് ആവശ്യങ്ങൾക്കുമായാണ് അനന്തരാവകാശ സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുള്ളത്. ആകയാൽ പരേതന്റെ അവകാശികളായി മുകളിൽ പറയുന്നവർ മാത്രമാണെന്ന് കാണിച്ച് ഒരു അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം റാന്നി തഹശീൽദാർ മുമ്പാകെ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. സമയപരിധിക്കുശേഷമോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
റാന്നി. തഹശീൽദാർ.

## Adoor Taluk

പരസ്യം

നമ്പർ സി2-242/2019. 2019 ജനുവരി 18.

അടൂർ താലൂക്കിൽ അങ്ങാടിക്കൽ വില്ലേജിൽ ചന്ദനപ്പള്ളി മുറിയിൽ കരിമ്പനാകുഴിയിൽ വീട്ടിൽ ശോഭനകുമാരി, എസ്. അനന്തരാവകാശ സർട്ടിഫിക്കറ്റിനായി സമർപ്പിച്ച അപേക്ഷയിന്മേൽ വില്ലേജാഫീസർ അന്വേഷണവും അവകാശ വിചാരണയും നടത്തി റിപ്പോർട്ട് സമർപ്പിച്ചതിൽ ടിയാളുടെ ഭർത്താവ് പ്രസാദ്, ആർ. 26-11-2018-ൽ മരിച്ചുപോയതായി അറിയുന്നു. ടിയാന്റെ നിയമാനുസൃത അവകാശികൾ ചുവടെ ചേർക്കുന്നവരാണെന്ന് അങ്ങാടിക്കൽ വില്ലേജാഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സരസ്വതി | മാതാവ് | 69 |
| 2 | ശോഭനകുമാരി, എസ്. | ഭാര്യ | 44 |
| 3 | ജിഷ്ണു പ്രസാദ് | മകൻ | 19 |
| 4 | സാന്ദ്ര പ്രസാദ് | മകൾ | 12 |

മുകളിൽ പേര് ചേർത്തിട്ടുള്ള 1, 2, 3, 4 കക്ഷികൾ പേരിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ച് 30 ദിവസത്തിനുള്ളിൽ അടൂർ തഹശീൽദാർ മുമ്പാകെ രേഖാമൂലം സമർപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാലിലോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
അടൂർ. തഹശീൽദാർ.

## Konni Taluk

പരസ്യം

നമ്പർ എ5-11129/2018. 2018 ഡിസംബർ 7.

പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ പ്രമാടം വില്ലേജിൽ പ്രമാടം ദേശത്ത് തുണ്ടിയത്ത് വീട്ടിൽ രാജപ്പൻ പിള്ള, ഒ. എന്നയാൾ മരിച്ചുപോയിട്ടുള്ളതാണെന്നും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിനായി അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ മകൻ സുരേഷ്, റ്റി. ആർ. സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ ടിയാൻ 5-9-2018-ാം തീയതി മരിച്ചുപോയിട്ടുള്ളതാണെന്നും പരേതന്റെ അവകാശികളായി താഴെപ്പറയുന്ന 3 പേരാണുള്ളതെന്നും അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സുഭാഷ്, റ്റി. ആർ. | മകൻ | 59 |
| 2 | സുമ, റ്റി. ആർ. | മകൾ | 55 |
| 3 | സുരേഷ്, റ്റി. ആർ. | മകൻ | 51 |

പരേതന്റെ ഭാര്യ 9-12-2017-ൽ മരണപ്പെട്ടുപോയിട്ടുള്ളതാണ്. പരേതന്റെ മാതാപിതാക്കൾ മുൻപിനാലെ മരണപ്പെട്ടിട്ടുള്ളതാണ്. മേൽപ്പറഞ്ഞിരിക്കുന്നവരാണ് പരേതന്റെ അവകാശികൾ എന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം കോന്നി തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കോന്നി . തഹശീൽദാർ.